# കൺസൾട്ടൻസികൾ സെക്രട്ടേറിയറ്റ് ഭരിക്കുമ്പോൾ

നവലിബറൽ പരിഷ്കരണങ്ങൾ ഭരണനയങ്ങളെ ഒന്നാകെ സ്വാധീനിച്ചു തുടങ്ങിയതോടെ രാജ്യാന്തര കൺസൾട്ടൻസി കമ്പനികൾ ജനാധിപത്യ ഭരണസ്ഥാപനങ്ങളുടെ ഇടനാഴിയിലെ തന്ത്രപ്രധാനമായ ഇടപാടുകാരായി മാറുന്ന കാഴ്ച ഇന്ന് കേരളത്തിലും പ്രകടമാണല്ലോ. പിണറായി വിജയൻ സർക്കാരിനെതിരെ അടുത്തിടെ പ്രതിപക്ഷം ഉയർത്തിക്കൊണ്ടുവന്ന അഴിമതി ആരോപണങ്ങളിലും സ്വർണ്ണക്കള്ളകടത്തിനെ തുടർന്ന് വെളിപ്പെട്ട സർക്കാർ തലത്തിൽ നടന്ന പല ഇടപാടുകളിലും രാജ്യാന്തര കൺസൾട്ടൻസി കമ്പനികളുടെ സാന്നിധ്യമുണ്ടായിരുന്നു. കെ.പി.എം.ജി, പ്രൈസ് വാട്ടർ കൂപ്പേഴ്സ്, ലൂയി ബർഗർ, സിസ്ട്ര തുടങ്ങിയ കൺസൾട്ടൻസികളുടെ പേരുകൾ നവഉദാര വികസനപദ്ധതികളുടെ ഭാഗമായി ഇന്ന് സുപരിചിതമായി തീർന്നിരിക്കുന്നു. വികസന പദ്ധതികളെക്കുറിച്ച് വിദഗ്ധാഭിപ്രായം നൽകുക എന്നതിൽ ഒതുങ്ങുതല്ല ഈ കൺസൾട്ടേഷൻ സഹായം എന്നതാണ് മനസ്സിലാക്കാൻ കഴിയുന്ന വസ്തുത. പദ്ധതി രൂപകല്പന ചെയ്യുക, അതിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഉപദേശം നൽകുക എന്നതിൽ അവസാനിക്കാതെ പുതിയ നിക്ഷേപസാധ്യതയുള്ള മേഖലകളിലേക്ക് കോർപ്പറേറ്റുകളെ ആനയിക്കുന്നതിനുള്ള ഇടനിലക്കാരായി വർത്തിക്കുകയും ചെയ്യുന്നു കൺസൾട്ടൻസികൾ.

ഇത്തരത്തിൽ നടക്കുന്ന പിൻവാതിൽ ഇടപെടലുകൾ നവലിബറൽ കാലഘട്ടത്തിലെ സാമ്പത്തിക അഴിമതിയുടെ മുഖ്യസ്രോതസ്സായി മാറുന്ന കാഴ്ചയാണ് ഇപ്പോൾ കേരളത്തിലും കണ്ടുകൊണ്ടിരിക്കുന്നത്. ഏത് വികസന പദ്ധതിയുടെ പിന്നിലുമുണ്ട് കൺസൾട്ടൻസി കമ്പനികളുടെ സാന്നിധ്യം. ഈ വികസന പദ്ധതികൾക്കായി കോർപ്പറേറ്റ് മൂലധന സമാഹരണം നടത്തുക എന്നതും പദ്ധതിയുടെ നടത്തിപ്പിനായി താത്പര്യപ്പെടുന്ന വൻകിട ഇടപാടുകാർക്ക് ലോബിയിംഗ് വഴി കാര്യങ്ങൾ സുഗമമാക്കിക്കൊടുക്കുക എന്നതും കൺസൾട്ടൻസികളുടെ ചുമതലയാണ്. ഒപ്പം ലോകബാങ്കും എ.ഡി.ബിയും പോലെയുള്ള അന്താരാഷ്ട്ര ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത പദ്ധതികൾക്ക് വേണ്ടിയുള്ള വായ്പകൾ തരപ്പെടുത്തികൊടുക്കുന്നതും ഇപ്പോൾ കൺസൾട്ടൻസികളാണ്. ഉദാരവത്കരണ നയങ്ങൾക്കെതിരായി നിലപാടുണ്ടെന്ന് പറയപ്പെടുന്നെങ്കിലും വർഷങ്ങളായി ഉദാരവത്കരണത്തിന്റെ നടത്തിപ്പുകാരായി അധഃപതിച്ചിരിക്കുന്ന കേരളത്തിലെ ഇടതുപക്ഷ സർക്കാരുകൾക്ക് ഇക്കാര്യത്തിൽ ഒരു നയമില്ല എന്നതാണ് സത്യം. ഇടത്-വലത് രാഷ്ട്രീയ വ്യത്യാസമില്ലാതെ കൺസൾട്ടൻസി മോഡൽ വികസനം കേരളത്തിൽ സർവ്വസ്വീകാര്യമായ ഒരു ഭരണനയമായി മാറിയിട്ടുണ്ട്.

ഏത് മേഖലയുമായി ബന്ധപ്പെട്ട വികസനപദ്ധതികളിലും വിദഗ്ധോപദേശം നൽകാൻ സ്വന്തമായി സംവിധാനങ്ങൾ സർക്കാരിനുണ്ട്. അത്രയേറെ വിദഗ്ധസ്ഥാപനങ്ങളും വിഷയവിദഗ്ധരുടെ ഔദ്യോഗിക സംഘങ്ങളും ഉള്ള ഒരു സംവിധാനമാണ് നമ്മുടെ ഗവൺമെന്റ്. നികുതിപ്പണത്താൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളുള്ളപ്പോഴാണ് വീണ്ടും വലിയ തുക പൊതുഖജനാവിൽ നിന്നും ചിലവഴിച്ച് കൺസൾട്ടൻസി കമ്പനികളെ വിദഗ്ധോപദേശകരായി ആനയിക്കുന്നത്. കൺസൾട്ടൻസികൾ ഏറെക്കാലമായി അധികാര ഇടനാഴികളിൽ ഉണ്ടെങ്കിലും പിണറായി ഭരണത്തിൽ ഭരണസിരാകേന്ദ്രത്തിൽ വരെ നിർണ്ണായക സ്വാധീനമുള്ളവരായി കൺസൾട്ടൻസികൾ മാറി. കരാർ നിയമനങ്ങളും ഡേറ്റാ പ്രോസസിംഗും അടക്കമുള്ള പ്രത്യേക അധികാരങ്ങളുമായി കൺസൾട്ടൻസികളുടെ മുൻകൈയിൽ ഒരു സമാന്തര സെക്രട്ടേറിയറ്റ് തന്നെ രൂപപ്പെട്ടുവന്നു എന്നതാണ് സ്വർണ്ണക്കള്ളകടത്ത് കേസുമായി ബന്ധപ്പെട്ട് പുറത്തുവന്ന സുപ്രധാന വിവരം. വിദേശ കൺസൾട്ടൻസി കമ്പനികൾക്ക് കേരള ഭരണത്തിൽ ലഭിക്കുന്ന നിർണ്ണായക സ്വാധീനത്തിന്റെ അപകടത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് പകരം സ്വർണ്ണക്കള്ളക്കടത്ത് കേസിനെ മസാലചേരുവകളിൽ തളച്ചിട്ട് സെൻസേഷണൽ ഉള്ളടക്കങ്ങളുണ്ടാക്കുന്നതിൽ മാത്രമാണ് മാദ്ധ്യമങ്ങളും പ്രതിപക്ഷവും ശ്രമിച്ചത്. വേൾഡ് ബാങ്ക്, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് തുടങ്ങിയ വിദേശ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ധനസഹായം സ്വീകരിച്ച് വികസന പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ തികച്ചും വ്യത്യസ്തമായ സമീപനമാണ് തങ്ങളുടേത് എന്നായിരുന്നല്ലോ എൽ.ഡി.എഫ് അവകാശപ്പെട്ടിരുന്നത്. 'എ.ഡി.ബി ഗോബാക്ക്' എന്ന് മുദ്രാവാക്യം മുഴക്കിയിരുന്ന കാലത്തുതന്നെ മറുകൈകൊണ്ട് എ.ഡി.ബിയുടെ ധനസഹായം സ്വീകരിച്ച ഇടതുപക്ഷത്തെയും നാം കണ്ടു. ആ നയവ്യതിയാനം ഇപ്പോൾ സെക്രട്ടേറിയറ്റിൽ കൺസൾട്ടൻസികൾക്ക് ഓഫീസ് തുടങ്ങാൻ സാഹചര്യമൊരുക്കുന്ന തരത്തിലുള്ള കോർപ്പറേറ്റ് വിധേയത്വത്തിലേക്ക് വളർന്നിരിക്കുന്നു. ഇടതുപക്ഷത്തിന്റെ നയവ്യതിയാനത്തോടൊപ്പം അഴിമതിയുടെ പങ്കുപറ്റുന്നതിൽ താത്പര്യമുള്ള ഒരു നേതൃത്വനിര ഉയർന്നുവരുകയും ചെയ്തതോടെ ഈ വികസന മാതൃകയ്ക്ക് ഒരു ബദൽ എന്നത് ഇടതുപക്ഷത്തിന് അചിന്തനീയമായി തീർന്നു.

ആസൂത്രണ പ്രക്രിയയിൽ നിന്നും പ്ലാനിംഗ് ബോർഡ് പോലെയുള്ള സംവിധാനങ്ങൾ പൂർണ്ണമായും മാറ്റിനിർത്തപ്പെടുകയും രാഷ്ട്രീയ കാഴ്ചപ്പാടില്ലാത്ത ദല്ലാളുമാർക്ക് അവർക്കിഷ്ടമുള്ള ഏജൻസികളെ പ്രതിഷ്ഠിക്കുന്നതിനുള്ള ഒരു പ്രക്രിയയായി ആസൂത്രണം മാറുകയും ചെയ്യുകയാണ്. പ്രളയദുരന്തത്തിൽ നിന്നും കേരളം എങ്ങനെയാണ് പുനർമ്മിക്കപ്പെടേണ്ടത് എന്ന് തീരുമാനിക്കാൻ വേണ്ടി നിയോഗിക്കപ്പെടുന്നത് കെ.പി.എം.ജി എന്ന കൺസൾട്ടൻസിയെയാണ്. പ്രളയകാലത്ത് അസാമാന്യമായ കരുത്തോടെ അടിത്തട്ടിൽ പ്രവർത്തിച്ച തദ്ദേശഭരണ സ്ഥാപനങ്ങളും സിവിൽ സമൂഹവും പുനർനിർമ്മാണത്തെക്കുറിച്ചുള്ള ആസൂത്രണ പ്രക്രിയയിൽ നിന്നും അകറ്റിനിർത്തപ്പെട്ടു. വികേന്ദ്രീകൃത ആസൂത്രണത്തിനും പങ്കാളിത്ത ജനാധിപത്യത്തിനും പ്രാമുഖ്യം നൽകുന്നു എന്നു പറയുന്ന ഇടതുസർക്കാർ തന്നെ സ്വകാര്യ കൺസൾട്ടൻസികളുടെ ഉപദേശം തേടി വികസനനയങ്ങൾ രൂപപ്പെടുത്തുന്ന കാഴ്ച വിരോധാഭാസമാണ്. സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട സെൻസേഷണൽ വാർത്തകൾ മാത്രം ചർച്ച ചെയ്യുന്നതിനപ്പുറം കൺസൾട്ടൻസി രാജിനെക്കുറിച്ചും അതിന് പിന്നിലെ ജനാധിപത്യവിരുദ്ധതയെയും അഴിമതിയെക്കുറിച്ചും സമഗ്രമായ ഒരു അന്വേഷണം നടത്തുകയാണ് ഇപ്പോൾ വേണ്ടത്. ■